പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.6699**

**09.07.2014 ൽ മറുപടിയ്ക്ക്**

**യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വനിതാ ശിൽപശാല**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ഷാഫി പറമ്പിൽ :<br>ശ്രീ. പി.സി. വിഷ്ണുനാഥ്:<br>ശ്രീ. വി.റ്റി. ബൽറാം:<br>ശ്രീ. ഹൈബി ഈഡൻ: | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗക്ഷേമവും, യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) |
| (എ) യുവജനക്ഷേമ ബോർഡിന്റെ നേതൃത്വത്തിൽ വനിതാ ശിൽപ ശാല പരിപാടി സംഘടിപ്പി ച്ചിട്ടുണ്ടോ ; | എ) | ഉണ്ട്. |
| (ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശി ക്കുന്നതെന്ന് വ്യക്തമാക്കാമോ ; | (ബി) | യുവജനശാക്തീകരണത്തിന്റെ ഭാഗമായി കേരളത്തിലെ യുവതികളുടെ ജീവിത നിലവാരവും സാമൂഹ്യ പദവിയും ഉയർത്തുക, അവരിൽ സാമൂഹ്യ അവബോധം വളർത്തി സാമൂഹ്യ വിഷയങ്ങളിൽ നേരിട്ട് ഇടപെടുന്നതിലേയ്ക്ക് വേദിയൊരുക്കുക എന്നീ ലക്ഷ്യങ്ങളാണ് വനിതാശില്പശാലകൊണ്ട് കൈവരിക്കുവാൻ ഉദ്ദേശിക്കുന്നത്. |
| (സി) ഇത് സംബന്ധിച്ച് എന്തെല്ലാം പരിപാടികൾ സംഘടിപ്പിക്കുക യുണ്ടായി ; വിശദമാക്കുമോ ; | (സി) | യുവജനക്ഷേമ ബോർഡിന്റെ കീഴിലുള്ള ജില്ലാ യുവജനകേന്ദ്രങ്ങൾ മുഖേന ഏകദിന വനിതാ ശില്പശാല സംഘടിപ്പിച്ചു. ശില്പശാലയുമായി ബന്ധപ്പെട്ട് ക്ലാസ്സുകൾ ഈ മേഖലയിലെ പ്രമുഖർ കൈകാര്യം ചെയ്തിട്ടുണ്ട്. കൂടാതെ സ്വയംതൊഴിൽ പരിശീലനങ്ങൾ സംഘടിപ്പിച്ചു. സംസ്ഥാന വനിതാശില്പശാല സംഘടിപ്പിക്കുന്നതിലേയ്ക്കുള്ള നടപടികൾ അടിയന്തിരമായി സ്വീകരിച്ചുവരുന്നു. |
| (ഡി) ആരെല്ലാമാണ് പ്രസ്തുത പരി പാടികളുമായി സഹകരിച്ചത് ; വിശദാംശങ്ങൾ നൽകാമോ ? | (ഡി) | യുവജനക്ഷേമ ബോർഡ് നേരിട്ടാണ് പരിപാടി സംഘടിപ്പിച്ചത്. |

സെക്ഷൻ ഓഫീസർ